ആഗ്രഹമുണ്ടെങ്കിലും ഇതിൽ കൂടുതൽ തുക നമുക്ക് കണ്ടെത്താൻ കഴിയുന്നില്ല. എന്നാലും ഇതിനെക്കുറിച്ചും പരിശോധിക്കാം.

(22) മല്ലപ്പള്ളി താലൂക്കിൽ മുനിസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: മല്ലപ്പള്ളി താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്നുള്ളതാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കേരളത്തിൽ കോടതി ഇല്ലാത്ത ഏക താലൂക്കാണ് മല്ലപ്പള്ളി. തിരുവല്ല കോടതിയുടെ കീഴിലാണ്. കേസിന്റെ പെറ്റീഷൻ ലിസ്റ്റ് വർദ്ധിച്ചപ്പോൾ മല്ലപ്പള്ളിയിലെ താലൂക്കിൽ പെടുന്ന പഞ്ചായത്തുകളിലെ കേസുകൾ റാന്നിയിലേക്ക് മാറ്റി. റാന്നിയിൽ പോകുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഹൈക്കോടതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉള്ളതുകൊണ്ട് അതിന് പ്രത്യേക പരിഗണന നല്കി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഇക്കാര്യം പൂർണ്ണമായും ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരുന്നതല്ല. മുൻഗണനാ ലിസ്റ്റിൽ ഉണ്ട്. എത്രാമതാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അതിന്റെ ക്രമം അനുസരിച്ചല്ലാതെ പെട്ടെന്ന് കോടതിയുടെ നിർദ്ദേശത്തെ ഓവർ ലുക്ക് ചെയ്യാൻ നിർവ്വാഹമില്ല.

(23) വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ജയന്തിദിനം പൊതു അവധിയായി പ്രഖ്യാപിക്കണമെന്ന ആവശ്യം

ശ്രീ. ഷിബു ബേബി ജോൺ: വിദ്യാധിരാജ ചട്ടമ്പിസ്വാമിയുടെ ആശ്രമം എന്റെ മണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ ഓരോ വർഷം കഴിയുന്തോറും ജയന്തി ആഘോഷങ്ങൾ വലിയ വിപുലമായിക്കൊണ്ടിരിക്കുകയാണ്. അന്ന് പൊതു അവധി പ്രഖ്യാപിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. മുൻപൊരിക്കൽ ആവശ്യപ്പെട്ടപ്പോൾ അത് നിരാകരിച്ചതാണ്. കൊല്ലത്ത് പല ഉൽസവങ്ങൾക്കു പോലും പ്രാദേശിക അവധി കൊടുക്കുന്നുണ്ട്. അത് പരിഗണിച്ചുകൊണ്ടെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനുകൂലമായ നിലപാടുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഇപ്പോൾത്തന്നെ ഏറ്റവും കൂടുതൽ അവധി നൽകുന്ന സംസ്ഥാനമാണ് കേരളം. പല രാജ്യങ്ങളിലും അവിടെ ഭരിക്കുന്ന രാജാവ് മരിച്ചാൽ The King is dead എന്നു പറഞ്ഞ് ഒരു നിമിഷം മൗനം ആചരിച്ചിട്ട് പണിക്ക് പോകുകയാണ്. പല വികസിത രാജ്യങ്ങളിലും ചെയ്യുന്നതാണ്. നമ്മൾ ഇവിടെ ആവശ്യമില്ലാത്തതിലും കൂടുതൽ ഒഴിവ് കൊടുക്കുകയാണ്. എന്റെ വ്യക്തിപരമായ അഭിപ്രായം ഇപ്പോഴുള്ള അവധി തന്നെ കൂടുതലാണെന്നുള്ളതാണ്. അതുകൊണ്ട് എല്ലാ മതവിഭാഗത്തിലും ഇതുപോലെ ഗുരുക്കൻമാരുണ്ട്. പരിപാവനമായി കരുതുന്ന ദിവസങ്ങളുണ്ട്. അതിനെല്ലാം അവധി നൽകുന്നതിനോട് ഗവൺമെന്റിന് പൂർണ്ണമായും യോജിപ്പില്ല.

LIBRARY ARCHIVES Kerala Legislative Assembly